# Malayala Manorama

## 25 August 2018

## Kakkand; Flood, Relief Camp, Onam celebration

# ദുരിതാശ്വാസ ക്യാംപുകളിൽ ഓണമുണ്ണാൻ 1.05 ലക്ഷം പേർ

■ ഇതുവരെ അടച്ചു പൂട്ടിയത്760 ക്യാംപുകൾ, വീടുകളിലേക്കു മടങ്ങിയത് 3,07 ലക്ഷം പേർ

**കാക്കനാട്** • ജില്ലയിലെ 1,05,031 പേരുടെ ഓണാഘോഷം ദുരിതാശ്വാസ ക്യാംപുകളിൽ. 205 ക്യാംപുകളിലാണ് ഇവരുടെ താമസം. 3,07,916 പേരാണ് ഇന്നലെ വരെ ക്യാംപുകളിൽ നിന്നു മടങ്ങിയത്.

28,316 കുടുംബങ്ങളിലെ അംഗങ്ങളാണു ഇപ്പോഴും ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നത്. 45,906 സ്ത്രീകളും 42,436 പുരുഷൻമാരും 16,689 കുട്ടികളുമാണ് ഇക്കൂട്ടത്തിലുള്ളത്.

അംഗങ്ങളുടെ എണ്ണം കുറഞ്ഞ ഏതാനും ക്യാംപുകൾ അടച്ചുപൂട്ടി അവരെ മറ്റു ക്യാംപുകളിലേക്കു മാറ്റി. വീട് വൃത്തിയാക്കി താമസിക്കാമെന്ന പ്രതീക്ഷയിൽ ക്യാംപ് വിട്ട പല കുടുംബങ്ങളും താമസിക്കാൻ നിർവാഹമില്ലാത്തതിനാൽ വീണ്ടും ക്യാംപുകളിലെത്തുന്നുണ്ട്. ആരെയും ക്യാംപ് വിടാൻ നിർബന്ധിക്കരുതെന്നാണു സർക്കാർ നിർദേശം. സ്വമേധയ ക്യാംപ് വിടുന്നവരെ തടയുന്നുമില്ല.

തിരുവോണം മുൻനിർത്തി ഭാഗികമായെങ്കിലും വൃത്തിയാക്കിയ വീടുകളിൽ പല കുടുംബങ്ങളും താമസം തുടങ്ങിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാംപുകളുടെ എണ്ണം കുറഞ്ഞതോടെ അവശേഷിക്കുന്ന ക്യാംപുകളിൽ പരമാവധി സൗകര്യമൊരുക്കൽ ഉദ്യോഗസ്ഥർക്ക് എളുപ്പമായി. തിരുവോണമായ ഇന്ന് കുറെ ക്യാംപുകളിലെങ്കിലും പായസം ഉൾപ്പെടെ ഓണസദ്യ ഒരുക്കാൻ നടപടിയെടുത്തിട്ടുണ്ടെന്നു അധികൃതർ പറഞ്ഞു. നാട്ടുകാരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. 760 ക്യാംപുകളാണ് ഇന്നലെ വരെ അടച്ചുപൂട്ടിയത്.

85,003 കുടുംബങ്ങളിലെ അംഗങ്ങൾ ഇതിനകം ക്യാംപ് വിട്ടു. 54,402 കുട്ടികളും ഇതിൽ ഉൾപ്പെടും. 43,529 പേരെ അടച്ചുപൂട്ടിയ ക്യാംപുകളിൽ നിന്നു നിലവിലുള്ള ക്യാംപുകളിലേക്കു മാറ്റിയിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങളുടെ വീടുകളിൽ പലതും ഉടനെ താമസയോഗ്യമാക്കാവുന്ന നിലയിലല്ലെന്നാണു വിലയിരുത്തൽ.

ഇവർക്കു വീടുകൾ താമസയോഗ്യമാകുംവരെ ക്യാംപുകളിൽ കഴിയാൻ അവസരമൊരുക്കും. സ്കൂളുകൾ ഓണാവധി കഴിഞ്ഞു തുറക്കുമ്പോൾ ഇവിടങ്ങളിലെ ക്യാംപുകൾ മാറ്റാൻ സൗകര്യപ്രദമായ കേന്ദ്രങ്ങൾ കണ്ടെത്തണമെന്നു തദ്ദേശ സ്ഥാപനങ്ങളോടു നിർദേശിച്ചിട്ടുണ്ട്.

ക്യാംപ് വിടുന്നു

**85,003**

85,003 കുടുംബങ്ങളിലെ അംഗങ്ങൾ ക്യാംപ് വിട്ടു